സൗജന്യവിദ്യാഭ്യാസം

*൮൯. (൧൯൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

൧൪ വയസ്സുവരെ സൗജന്യവിദ്യാഭ്യാസം നൽകുന്നതിനുള്ള ഇൻഡ്യൻ ഭരണഘടനയിലെ വ്യവസ്ഥകളനുസരിച്ച് വിദ്യാഭ്യാസം നൽകുന്നതിനു തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് വല്ല പദ്ധതിയും തയാറാക്കിയിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): പതിനാലു വയസ്സുവരെ സൗജന്യവിദ്യാഭ്യാസം നൽകുന്നതിനുള്ള ഇൻഡ്യൻ ഭരണഘടനയിലെവ്യവസ്ഥ അനുസരിച്ചുള്ള വിദ്യാഭ്യാസം നൽകുന്നതിനു ഈ ഗവണ്മെൻറ് പദ്ധതികളും ഒന്നും തയാറാക്കികഴിഞ്ഞിട്ടില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അങ്ങിനെ വല്ല പദ്ധതികളും തയ്യാറാക്കുന്നതിനു ഗവണ്മെൻറിനു വല്ല ഉദ്ദേശവും ഉണ്ടായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആലോചനകൾ നടത്തിയിട്ടുണ്ടെങ്കിൽ അതു പുറത്താക്കുന്നതിനു നിവൃത്തിയില്ല.

സഹവിദ്യാഭ്യാസം

*൯൦. (൧൦) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പു മന്ത്രി സദയം മറുപടി പറയുമോ;—

(എ) സഹവിദ്യാഭ്യാസം നടത്തുന്ന രീതി സ്വീകരിക്കുന്നതിനെ സംബന്ധിച്ചു ഗവണ്മെണ്ട് ആലോചിച്ചിട്ടുണ്ടോ;

(ബി) അങ്ങനെ ഒരു പ്രശ്നം ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ-യും; ബി-യും) ഉണ്ട്.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: അതു നടപ്പിൽ വരുത്തുന്നതിനു വല്ല ആലോചനയും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ നടപ്പിലുണ്ട്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: അതു കൂടാതെ പ്രത്യേകമായി വല്ല നയവും ഗവണ്മെണ്ടിന്റെ ആലോചനയിലുണ്ടോ എന്നാണ് എന്റെ ചോദ്യം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ. പ്രത്യേകമായി നയമൊന്നും ആലോചനയിലില്ല. ഇപ്പോൾ ചില സ്കൂളുകളിൽ ആൺകുട്ടികൾ മാത്രമേയുള്ളൂ, ചില സ്കൂളുകളിൽ പെൺകുട്ടികൾ മാത്രമേയുള്ളൂ, മറ്റു സ്കൂളുകളിൽ ആൺകുട്ടികളും പെൺകുട്ടികളും പഠിക്കുന്നുണ്ടെന്നുമറിയാം.

KALLAR IRRIGATION PROJECT

*88. [21] **Sri. A. Ramasubrahmanya Karayalar:** Will the Hon'ble Minister for Public Works be pleased to state.—

(*a*) whether the Government are investigating the Kallar Irrigation Project at the instance of the Madras Government;

(*b*) if so, the progress that has been made so far; and

(*c*) when will the investigation be completed?

LIBRARY ARCHIVES Kerala Legislative Assembly